"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗരവികസന പദ്ധതി -പാളയം- എയർപോർട്ട് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 380/2008 നമ്പർ കേസിന്റെ ബാലൻസ് വിധിക്കടത്തുക 4217-60-800-93 (Plan) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

| | |
|---|---|
| **സ.ഉ.(സാധാ) നം.1068/2025/LSGD** | **തീയതി, തിരുവനന്തപുരം, 28-04-2025** |

പരാമർശം:-

1. ബഹു. തിരുവനന്തപുരം സബ് കോടതിയിൽ 10/11/2022 ൽ നടത്തിയ ലോക് അദാലത്തിലെ എൽ.എ.ആർ. 380/2008 നമ്പർ കേസിലെ ഉത്തരവ്.
2. സ.ഉ.(സാധാ) നം.850/2024/തസ്വഭവ, തീയതി, 16/05/2024.
3. സ.ഉ.(സാധാ) നം.4881/2024/ധന തീയതി 20/06/2024.
4. സ.ഉ.(സാധാ) നം.1305/2024/തസ്വഭവ തീയതി 19/07/2024
5. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 30/12/2024 തീയതിയിലെ DCTVM/5795/2024-K9 നമ്പർ കത്ത്.
6. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 03/02/2025- ലെ എ3/2846/2010/ട്രിഡ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാളയം - എയർപോർട്ട് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 380/08 നമ്പർ കേസിൽ, പരാമർശം (1) പ്രകാരം തിരുവനന്തപുരം സബ് കോടതിയിൽ നടത്തിയ ലോക് അദാലത്തിൽ, ആറു മാസത്തിനുള്ളിൽ തുക കെട്ടി വച്ചാൽ ആറ് മാസം വരെ പലിശ ഇല്ലെന്ന വ്യവസ്ഥയിലും, തുക കെട്ടിവച്ചില്ലെങ്കിൽ ഇ.പി. പുനരാരംഭിക്കുമെന്ന ഉപാധിയിലും 40,000/- രൂപ (നാല്പതിനായിരം)-യ്ക്ക് ഒത്തു തീർപ്പായിരുന്നു.

2) മേൽ പരാമർശിച്ച എൽ.എ.ആർ. 380/2008 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 40,000/- രൂപ (നാല്പതിനായിരം രൂപ മാത്രം) അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (3) പ്രകാരം 4217-60-800-93 Payment of Compensation in LAR Cases (Plan Charged) എന്ന ശീർഷകത്തിൽ 40,000/- രൂപ അധികധനാനുമതിയായി അനുവദിക്കുകയും പരാമർശം (4)

പ്രകാരം പ്രസ്തുത തുക ബന്ധപ്പെട്ട കക്ഷിക്ക് അനുവദിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുവദിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

3) എന്നാൽ പരാമർശം (4) പ്രകാരം തുക അനുവദിച്ചത് ലോക് അദാലത്ത് കാലാവധി കഴിഞ്ഞാണെന്നും ആയതിനാൽ എൽ.എ.ആർ.380/08 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 91,810/- രൂപ (തൊണ്ണൂറ്റിയൊന്നായിരിത്തി എണ്ണൂറ്റി പത്ത് രൂപ മാത്രം) അടിയന്തരമായി അനുവദിക്കണമെന്ന് പരാമർശം (5), (6) എന്നിവ പ്രകാരം യഥാക്രമം തിരുവനന്തപുരം ജില്ലാ കളക്ടറും തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും അഭ്യർത്ഥിക്കുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗരവികസ പദ്ധതിയുടെ ഭാഗമായി പാളയം - എയർപോർട്ട് റോഡിന്റെ വികസനത്തിനായി വഞ്ചിയൂർ വില്ലേജിൽ സർവ്വേ നം. 2938/5-1-ൽ ഉൾപ്പെട്ട 0.66 ആർ ഭൂമി ഏറ്റെടുത്തതുമായി എൽ.എ.ആർ. 380/08 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 91,810/- രൂപ (തൊണ്ണൂറ്റിയൊന്നായിരത്തി എണ്ണൂറ്റി പത്ത് രൂപ മാത്രം) '4217-60-800-93 Payment of Compensation in LAR cases' എന്ന ശീർഷകത്തിൽ നിന്ന് ടി കേസിലെ കക്ഷികളായ ശ്രീമതി രാജമ്മ, ശ്രീമതി അനിത എന്നിവർക്ക് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നിസ്സാം എസ് എ**

**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീമതി രാജമ്മ, റ്റി.സി. 76/2290, ആനയറ, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ശ്രീമതി അനിത, റ്റി.സി. 76/1290, ആനയറ, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/138/2024/ത.സ്വ.ഭ.വ.

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 28-04-2025 13:00:49
സെക്ഷൻ ഓഫീസർ